"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പയ്യന്നൂർ നഗരസഭയിലെ സീനിയർ ക്ലാർക്ക് ആയ ശ്രീമതി. അനിത പി.വി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം. 204/2026 നമ്പർ കേസിലെ 09.02.2026 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.895/2026/LSGD തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.02.2026 തീയതിയിലെ LSGD/PD/20426/2025-DEC5 നമ്പർ ഉത്തരവ് (Annexure A2)
2. ശ്രീമതി. അനിത പി.വി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം. 204/2026 നമ്പർ കേസിലെ 09.02.2026 തീയതിയിലെ ഉത്തരവ്
3. ശ്രീമതി. അനിത പി.വി സർക്കാരിൽ സമർപ്പിച്ച 19.02.2026 തീയതിയിലെ അപ്പീൽ അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.04.2026 തീയതിയിലെ LSGD/PD/4928/2026-DEC5 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവുപ്രകാരം മാടായി ഗ്രാമപഞ്ചായത്തിലേക്ക്, ഭരണസൗകര്യാർത്ഥം സ്ഥലം മാറ്റിയതിനെതിരെ പയ്യന്നൂർ നഗരസഭയിലെ സീനിയർ ക്ലാർക്ക് ആയ ശ്രീമതി.അനിത.പി.വി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) നം. 204/2026 നമ്പർ കേസിൽ 09.02.2026 തീയതിയിൽ ചുവടെ ചേർക്കുംപ്രകാരം ഉത്തരവായിരുന്നു-

*" ... It is found that the applicant is yet to complete three years in the present station and the 5th respondent has not yet completed one year at Madayi. In the above circumstances, if the applicant approaches the Government with an appeal within a period of two weeks from today, that will be considered and orders shall be passed within a month therefrom, after hearing the applicant and the 5th respondent. Till such orders are issued, Annexure A2 order so far as the applicant and the 5th respondent are concerned shall be kept in abeyance. The applicant*

*shall be retained in the present station, ie.Payyannur Niunicipality ."*

2. ശ്രീമതി അനിത പി വി, സർക്കാരിൽ സമർപ്പിച്ച പരാമർശം 3 അപ്പീൽ അപേക്ഷ പ്രകാരം പയ്യന്നൂർ സ്വദേശിയായ താൻ 2023 മുതലാണ് തന്റെ സ്വദേശത്ത് ജോലി ചെയ്യുന്നത് എന്നും അവിടെ മൂന്ന് വർഷം പൂർത്തീകരിച്ചിട്ടില്ല എന്നും പ്രിൻസിപ്പൽ ഡയറക്ടറുടെ 06.02.2026 തീയതിയിലെ ട്രാൻസ്ഫർ തന്റെ അപേക്ഷ പ്രകാരം ആയിരുന്നില്ല എന്നും ഭരണസൗകര്യാർത്ഥമാണ് മാറ്റിയിരിക്കുന്നത് എന്ന് ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളതായും അറിയിക്കുകയുണ്ടായി. 2023 ൽ പയ്യന്നൂർ നഗരസഭയിലേക്ക് സ്ഥലംമാറ്റം കിട്ടിയ ടിയാൾക്ക് ടി നഗരസഭയിൽ മൂന്ന് വർഷം വരെ തുടരാനുള്ള നിയമപരമായ അവകാശമുണ്ട് എന്നും മാടായി ഗ്രാമപഞ്ചായത്തിൽ നിന്നും പയ്യന്നൂർ നഗരസഭയിലേക്ക് സ്ഥലംമാറ്റിയ ശ്രീ വിജേഷ് എന്നയാൾ മുൻപ് പയ്യന്നൂർ നഗരസഭയിൽ മൂന്ന് വർഷം ജോലി ചെയ്ത ആളാണ് എന്നും ശ്രീ വിജേഷ് മാടായി ഗ്രാമപഞ്ചായത്തിൽ ഒരു വർഷം സേവനം പൂർത്തീകരിച്ചിട്ടില്ല എന്നും അറിയിച്ചിരുന്നു. ഉത്തരവാദിത്തങ്ങൾ അങ്ങേയറ്റം ആത്മാർത്ഥതയോടും കൃത്യനിഷ്ഠയോടും കൂടി നിർവഹിച്ചു വരികയാണെന്നും യാതൊരു സർവീസ് സംഘടനയിലും ടിയാൾ അംഗമല്ല എന്നും തനിക്കെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ ഒന്നും ഇല്ല എന്നും ശ്രീ വിജേഷ് വി -യ്ക്ക് സൗകര്യപ്രദമായ സ്റ്റേഷൻ അനുവദിക്കുന്നതിനാണ് ഭരണസൗകര്യാർത്ഥം എന്ന പദം ഉപയോഗിച്ച് തന്നെ മാറ്റിയിരിക്കുന്നത് എന്നും പരാതിപ്പെട്ടിട്ടുണ്ട്. ആയതിനാൽ തന്നെ സ്ഥലംമാറ്റിയ നടപടി പ്രത്യേകിച്ചൊരു കാരണവും കൂടാതെയാണെന്നും അത് നിയമവിരുദ്ധവും മാനദണ്ഡങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും ലംഘനമാണെന്നും ടിയാൾ ആരോപിക്കുകയുണ്ടായി.

3. ബഹു. ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം അപേക്ഷകയെയും എതിർകക്ഷിയെയും പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ ബന്ധപ്പെട്ട സെക്ഷനിലെ സീനിയർ ക്ലാർക്ക് -ന്റെ സാന്നിദ്ധ്യത്തിൽ അണ്ടർ സെക്രട്ടറി 31.03.2026 -ൽ നേരിൽ കേൾക്കുകയുണ്ടായി. അപ്പീൽ അപേക്ഷയിൽ സമർപ്പിച്ച വിവരങ്ങൾ തന്നെ അപേക്ഷക ഹിയറിംഗ് വേളയിലും അറിയിച്ചിരുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം പയ്യന്നൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് ആയ ശ്രീമതി അനിത പി. വി.-യുടെ, ടി സ്റ്റേഷനിലെ സേവനം സംബന്ധിച്ച് പുതിയതായി ഭരണത്തിൽ വന്ന കൗൺസിൽ ചെയർമാൻ ഉൾപ്പെടെയുള്ള കൗൺസിൽ അംഗങ്ങൾക്ക് പരാതി ഉള്ളതിന്റെ അടിസ്ഥാനത്തിലും പ്രസ്തുത പരാതി പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടിയാളെ മാടായി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയതെന്നും മേൽ സ്ഥലം മാറ്റത്തിനെതിരായി ശ്രീമതി അനിത പി വി ഫയൽ ചെയ്ത നമ്പർ OA 204/2026 ഹർജിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റ ഉത്തരവ് ബഹുമാനപ്പെട്ട ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നതിനാൽ പയ്യന്നൂർ നഗരസഭയിലേക്ക് നിയമനം നൽകിയിരുന്ന ശ്രീ വിജേഷ് വി.യെ കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകുകയും ശ്രീമതി അനിത പി.വി.യെ പയ്യന്നൂർ നഗരസഭയിൽ താൽക്കാലികമായി നിലനിർത്തിക്കൊണ്ട്, 17.02.2026 തീയതിയിൽ ഉത്തരവ് ആയിട്ടുണ്ടെന്നും കൂടാതെ നിലവിൽ മാടായി ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടുള്ള ഒഴിവും നികത്തിയിട്ടുള്ളതാണെന്നും അറിയിച്ചിരുന്നു

5. സർക്കാർ ഇക്കാര്യം ശ്രീമതി അനിത പി വി സമർപ്പിച്ച അപേക്ഷയുടേയും നേരിൽ കേട്ട സമയത്തെ വാദങ്ങളുടേയും, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ

വിശദമായി പരിശോധിച്ചു. അതിൻപ്രകാരം അപേക്ഷകയായ ശ്രീമതി അനിത പി.വി.യെ പയ്യന്നൂർ നഗരസഭയിൽ താൽക്കാലികമായി നിലനിർത്തിക്കൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ചു തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ഒ.എ(ഇകെഎം) നം. 204/2026 നമ്പർ കേസിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09.02.2026 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീമതി അനിത പി.വി., സീനിയർ ക്ലർക്ക്, പയ്യന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-04-2026 14:39:33
സെക്ഷൻ ഓഫീസർ